(ഇ) ആദ്യ റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് അർഹരായ ഒരാളൊഴികെ മറ്റെല്ലാവരും പുന:ക്രമീകരിച്ച റാങ്ക് ലിസ്റ്റ് പ്രകാരം എം.ബി.ബി.എസ്. കോഴ്സിനു തന്നെ പ്രവേശനം ലഭിച്ചിട്ടുണ്ട്.

(എഫ്) പുന : ക്രമീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റ് പ്രകാരം മാത്രമേ അഡ്മിഷൻ നടക്കാനാകൂ. പരീക്ഷാ നടപടി കുറ്റമറ്റതാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി

15 (*105)ശ്രീ.കടകംപള്ളി സുരേന്ദ്രൻ :
ശ്രീ.പി.സി.ജോർജ് :
ശ്രീമതി കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.എം.ദാസൻ :
ശ്രീ.ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട ഓപ്പൺ യൂണിവേഴ്സിറ്റി എവിടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും യൂണിവേഴ്സിറ്റിയുടെ സെന്ററുകൾ എവിടെയൊക്കെ സ്ഥാപിക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(സി) ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഏതൊക്കെ കോഴ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്; പരമ്പരാഗത കോഴ്സുകൾ നിർബന്ധമാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്കു കീഴിൽ പ്രവർത്തിച്ചു വരുന്ന ഡിസ്റ്റൻസ് എഡ്യൂക്കേഷൻ വകുപ്പുകളെ ഓപ്പൺ യൂണിവേഴ്സിറ്റിക്കു കീഴിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ യൂണിവേഴ്സിറ്റികളുടെ ഏതൊക്കെ വകുപ്പുകളെന്ന് വ്യക്തമാക്കാമോ;

(ഇ) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഭരണച്ചുമതല എപ്രകാരം നിർവഹിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നിയമനിർമ്മാണം ആവശ്യമാണോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി (ശ്രീ.പി.ജെ.ജോസഫ്) :

(എ-എഫ്) ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠനം

16 (*106)ശ്രീ.കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് പ്രത്യേകമായി പഠിശോധിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) ഇതുമൂലം സർക്കാരിനുണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ,ബി) സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ ഇപ്പോൾതന്നെ അവലോകനം ചെയ്യുന്നുണ്ട്. ഇതിന്റെ ഫലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം കുറയ്ക്കാനും, അവയെ ലാഭത്തിലാക്കാനുമുള്ള പദ്ധതികളും പരിഗണിക്കുന്നുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽസ്, ട്രഡീഷണൽ, ആഗ്രോ ആന്റ് വുഡ് ബേസ്ഡ് സെക്ടറുകളിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിക്കുന്നതിനും അതിൻമേൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി സെക്ടർ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അവലോകനം നടത്തുമ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭത്തിൽ ആക്കുവാൻ തന്നെയാണ് മുൻഗണന നൽകുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്നതിനാൽ ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനം ലഭ്യമാക്കാൻ സാധിക്കാതെ പ്രവർത്തനമൂലധനത്തിന്റെ അപര്യാപ്തയുള്ള വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ലാഭ സാദ്ധ്യമായുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്ക് ധനം സ്വരൂപിക്കുന്നതിനു വേണ്ടി 240 കോടി രൂപ അടിസ്ഥാനമാക്കി കേരള വ്യവസായ പുനഃരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

(സി, ഡി) വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ പലതായതിനാൽ മൊത്തത്തിലുള്ള ഒരു പരിശോധന നടത്തിയിട്ടില്ല. ഒരു സ്ഥാപനത്തിന്റെയോ വ്യവസായത്തിന്റെയോ കാര്യം പരിശോധിക്കുമ്പോൾ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളും പരിശോധിക്കാറുണ്ട്.

(ഇ) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള എല്ലാ വ്യവസായ സ്ഥാപനങ്ങളുടെയും മൊത്തത്തിലുള്ള പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. അടുത്തകാലത്ത് പൊതുമേഖലയിലുള്ള "ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്" എന്ന സ്ഥാപനം 14.11.2000 മുതൽ 2.12.2000 വരെ അടച്ചിട്ടിരുന്നു. ഫാക്ടറിയിൽ നിന്നുള്ള മലിനജലം കടലിലേക്ക് ഒഴുക്കിവിടുന്ന ഓട തദ്ദേശവാസികൾ അടച്ചതുമൂലമായിരുന്നു ടി.ടി.പി താത്കാലികമായി പൂട്ടേണ്ടിവന്നത്. ഇതുമൂലം സംസ്ഥാന-കേന്ദ്ര സർക്കാരുകൾക്ക് നികുതി/ സർവ്വീസ് ചാർജിനത്തിൽ 5 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.
1185/2010.

LIBRARY ARCHIVES Kerala Legislative Assembly